LIBRARY ARCHIVES Kerala Legislative Assembly

മാതൃഭൂമി ഫ്രീ പ്രസ്സ് ഫോറം സമർപ്പിച്ച നിവേദനം

71 [3122] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 നവംബർ 11-ാം തീയതി മാതൃഭൂമി ഫ്രീ പ്രസ്സ് ഫോറം സർക്കാരിന് സമർപ്പിച്ച നിവേദനത്തിൻമേൽ വയനാട് പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന വസ്തുതകൾ സംബന്ധിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) നിവേദനത്തിലെ വസ്തുതകളിൽ യാഥാർത്ഥ്യം ഉണ്ടെങ്കിൽ സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഇ) വ്യാജരേഖകൾ ഉണ്ടാക്കിയതിന് ബന്ധപ്പെട്ടവരുടെ പേരിൽ കേസെടുക്കാൻ ഉദ്ദേശമുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് പോലീസിന്റെ നിലപാട് വെളിപ്പെടുത്തുമോ;

(ജി) 1996 ഏപ്രിൽ 23-ാം തീയതി കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ പി. രാജൻ സമർപ്പിച്ച പരാതിപ്രകാരം അന്നത്തെ ജില്ലാ കളക്ടർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഐ) 1998 ജനുവരി 23-ാം തീയതി കൽപ്പറ്റ, മീനങ്ങാടി പോലീസ് സ്റ്റേഷനുകളിൽ പി. രാജൻ സമർപ്പിച്ച പരാതി പ്രകാരം ആരുടെയെല്ലാം പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ജെ) പ്രസ്തുത പരാതിയുടെ ഉള്ളടക്കം എന്താണ്;

(കെ) കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി, ഡി) വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിൽപ്പെട്ട കൃഷ്ണഗിരി വില്ലേജിലെ റീ. സ. 754/2 പാർട്ടിൽപ്പെട്ട 14.44 ഏക്കർ ആദിവാസി ഭൂമി ശ്രീ. എം. പി. ശ്രേയസ്കുമാർ തട്ടി എടുക്കാൻ ശ്രമിക്കുന്നു എന്ന പരാതിയിൽ മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസർ അന്വേഷണം നടത്തുകയും വില്ലേജ് രേഖകളിൽ ശ്രീ. എം. പി. ശ്രേയസ്കുമാർ കൈവശം എന്ന് രേഖപ്പെടുത്തിക്കാണുകയും എന്നാൽ അന്വേഷണത്തിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രേഖകളൊന്നും ശ്രീ. എം. പി. ശ്രേയസ്കുമാർ ഹാജരാകാത്തതിനാൽ ടി ഭൂമി സർക്കാർ ഭൂമിയായി നിലനിർത്തിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ആയത് സംബന്ധിച്ച് വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തിയിട്ടുള്ളതുമാണ്. ഇപ്പോൾ ഈ ഭൂമി സർക്കാർ അധീനതയിൽ തന്നെ തുടരുന്നതും ആരിൽനിന്നും നികുതിയോ മറ്റോ സ്വീകരിക്കാത്തതുമാണ്.

(ഇ) ആരെങ്കിലും വ്യാജരേഖ ചമച്ചതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

(എഫ്) വ്യാജരേഖ ഉണ്ടാക്കിയതായി വെളിവാകാത്തതിനാൽ കേസ് ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ഉത്തരം 'ജി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഐ) കേസുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ജെ) കൃഷ്ണഗിരി അംശം കൃഷ്ണഗിരി എന്ന സ്ഥലത്ത് മലന്തോട്ടം എസ്റ്റേറ്റ് എന്ന പേരിൽ നിയമാനുസരണമല്ലാതെ അനധികൃതമായി 114 ഏക്കർ സ്ഥലം ശ്രീ. എം. പി. വീരേന്ദ്രകുമാറും അനുജനും കൈവശംവച്ച് വരുകയും ആയതിന് വ്യാജമായി കോഫി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമ്പാദിക്കുകയും ഒരു റവന്യൂ ജീവനക്കാരന്റെ സഹോദരൻ അബ്ദുൽസത്താറിന് മേൽ ഭൂമിയിൽനിന്നും അഞ്ച് ഏക്കർ സ്ഥലം "ഗ്രാറ്റിഫിക്കേഷൻ" ആയി നൽകുകയും മേൽസ്ഥലത്ത് ഉണ്ടായിരുന്ന വിലപിടിപ്പുള്ള മരങ്ങൾ കോഴിക്കോട്, വയനാട് എന്നീ സ്ഥലങ്ങളിലെ വ്യാപാരികൾക്ക് ഗൂഡാലോചന നടത്തി വിൽപ്പന നടത്തുകയും വിജിലൻസ് ഡി. വൈ. എസ്. പി. യുടെ അന്വേഷണത്തിൽ അനധികൃതമായി മരം മുറിച്ച് മാറ്റിയതായി തെളിഞ്ഞതിന്റെ പേരിൽ വി സി.–1/89 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ സർക്കാർ ഭൂമിയിൽനിന്നും മരം മുറിച്ച് മാറ്റിയതിന് എതിർകക്ഷികളെ അറസ്റ്റ് ചെയ്ത് ഗൂഡാലോചന, അഴിമതി എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിക്കണം എന്നും മറ്റുമാണ് പരാതിയുടെ ഉള്ളടക്കം.

(കെ) റവന്യൂ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളായതിനാൽ റിപ്പോർട്ട് വയനാട് ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.അതു സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും പരാതികൾ ലഭിക്കാത്തതിനാൽ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

റിക്രൂട്ട്മെന്റ് ഏജൻസികളെ നിയമപരമായി നിരോധിക്കാൻ നടപടി

72 [3123] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly